## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4901** **26.06.2019 ൽ മറുപടിയ്ക്ക്**

**കോൺട്രാക്ട് ക്യാരേജുകളുടെ സമാന്തര സർവ്വീസ്**

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കോൺട്രാക്ട് ക്യാരേജ് സർവ്വീസ് അനുമതിയുള്ള വാഹനങ്ങൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ സമാന്തര സർവ്വീസുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഇത്തരം സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാന നഷ്ടം തടയുന്നതിനും സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കു ന്നതിനും സമാന്തര സർവ്വീസുകളെ തടയുന്നതിനുമായി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരേയും, പോലീസ് ഉദ്യോഗസ്ഥരേയും, കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥരേയും ചേർത്ത് ഒരു സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ നിന്നുള്ള പരാതികൾ അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിലുള്ള 2 സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു |
| സി) | ഇത്തരം സമാന്തര സർവ്വീസുകൾ മൂലം കെ.എസ്.ആർ.ടി.സിയുടെ വരുമാനത്തിൽ കുറവുണ്ടാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | അനധികൃതമായും, പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചും സർവ്വീസ് നടത്തുന്ന ഈ ബസ്സുകൾ മൂലം കെ.എസ്.ആർ.ടി.സിയുടെ വരുമാനം നഷ്ടമാകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**